بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Summary 29.01.16 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

*29.01.16 ന് ബൈത്തുൽ ഫുതൂഹ്, ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം*

**ജമാഅത്തിൽ അത്തരക്കാരുടെ എണ്ണം കൂടുതലുണ്ടാവേണ്ടതാണ്. അവരുടെ ബോധേന്ദ്രിയം ആത്മീയമായ സ്വാധീനങ്ങൾ കൂടുതൽ കൂടുതൽ സ്വീകരിക്കപ്പെടുന്നതും യഥാർഥ നമസ്കാരമെന്താണ്? യഥാർഥ ഇബാദത്ത് എന്താണ്? എത്തരത്തിലുള്ള ബോധേന്ദ്രിയം ഉണ്ടാക്കേണ്ട ആവശ്യമാണുള്ളത്? തുടങ്ങിയ കാര്യങ്ങൾ ലോകത്തോടു പറയുന്നതുമായിരിക്കണം.**

തശഹ്ഹുദും തഅവ്വുദും സൂറ ഫാതിഹാ ഓതിയതിനുംശേഷം ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹു തആലാ ബിനസ്രിഹിൽ അസീസ് പറഞ്ഞു:

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു സ്ഥലത്ത് പറയുന്നു: അല്ലാഹു മറഞ്ഞിരിക്കുന്നവനാണ്. എന്നാൽ, തന്റെ ശക്തിപ്രഭാവങ്ങളാൽ അവൻ തിരിച്ചറിയപ്പെടുന്നു. ദുആ മുഖേന അവന്റെ അസ്തിത്വം അറിയാൻ കഴിയുന്നു. പറഞ്ഞു, രാജാവാണെങ്കിലും ചക്രവർത്തിയാണെങ്കിലും അവരും തങ്ങൾക്കൊന്നും ചെയ്യാൻ പറ്റാത്തതും എന്താണ് ചെയ്യേണ്ടതെന്ന് അറിയാത്തതുമായ ബുദ്ധിമുട്ടുകളിൽ അകപ്പെടാറുണ്ട്. ആ നേരത്ത് ദുആ മുഖേന ബുദ്ധിമുട്ടുകൾ പരിഹരിക്കപ്പെടാവുന്നതാണ്.

അസംഖ്യം സ്ഥലങ്ങളിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) വിവിധ രീതികളിലൂടെ വിവിധ കോണുകളിലൂടെ അതിന്റെ പ്രാധാന്യം വിവരിച്ചിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബാക്കൾ അത് നല്ലവണ്ണം ഗ്രഹിച്ചു. ആ മഹാത്മാവുമായിട്ടുള്ള സുഹൃദ്ബന്ധം കാരണത്താൽ അദ്ദേഹത്തിന്റെ ദുആകളിൽ എത്രമാത്രം ദൃഢജ്ഞാനവും വിശ്വാസവുമാണ് ഉണ്ടായിരുന്നതെന്നാൽ അന്യരിലും അതിന്റെ പ്രഭാവം ഉണ്ടായിക്കൊണ്ടിരുന്നു. അഹ്മദികളുമായി ബന്ധമുണ്ടായിരുന്ന അന്യമതസ്ഥരും ആ ധന്യാത്മാവിന്റെ ദുആകൾ വൻതോതിൽ സ്വീകരിക്കപ്പെടുന്നുണ്ടെന്ന് മനസ്സിലാക്കിയിരുന്നു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: "ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ തിരുസന്നിധിയിൽ ഒരു സംഭവം കേൾപ്പിക്കപ്പെട്ടു. അതു കേട്ടപ്പോൾ ആ പുണ്യാത്മാവ് ഒരുപാട് ചിരിച്ചു. ഹദ്റത്ത് മുൻശീ അറോഡേ ഖാൻ സാഹിബിനെക്കുറിച്ചുള്ള സംഭവമായിരുന്നു അത്. ഹദ്റത്ത് മുൻശീ സാഹിബ് തുടക്കത്തിൽ ഒരുപാട് തവണ ഖാദിയാനിൽ വരാറുണ്ടായിരുന്നു. ഒരിക്കൽ അദ്ദേഹം മജിസ്ട്രേട്ടിനോടു പറഞ്ഞു:'എനിക്ക് ഖാദിയാനിൽ പോകണം. താങ്കൾ എനിക്ക് അവധി നല്കുക.' മജിസ്ട്രേട്ട് അത് നിഷേധിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു: 'എന്നാൽ, ശരി. ഞാൻ ഇന്നു മുതൽ ശാപപ്രാർഥന ചെയ്യുന്നതാണ്.' അവസാനം ആ മജിസ്ട്രേട്ടിന് എന്തോ വലിയ നഷ്ടമുണ്ടായി. അയാൾ വല്ലാതെ ഭയപ്പെട്ടു.

അതിനുശേഷം മജിസ്ട്രേട്ടിലുണ്ടായ സ്വാധീനമെന്താണെന്നുവച്ചാൽ, ശനിയാഴ്ച വരുമ്പോൾത്തന്നെ അദ്ദേഹം കോടതിക്കാരോടു പറയും, 'ഇന്ന് ജോലി അല്പം പെട്ടെന്ന് തീർത്തുകൊള്ളണം. കാരണം മുൻശീ അറോഡേഖാൻ സാഹിബിന്റെ വണ്ടി പൊയ്പ്പോകും.' അതായത് അദ്ദേഹത്തിന് ട്രെയിനിൽ ഖാദിയാനിൽപോകണം അതുകൊണ്ട് ജോലികളെല്ലാം പെട്ടെന്ന് തീർക്കുക എന്നു പറയുമായിരുന്നു. ഇപ്രകാരം മുൻശീ സാഹിബ് ഖാദിയാനിൽ വരാനാഗ്രഹിക്കുമ്പോഴെല്ലാം മജിസ്ട്രേട്ട് അവധി നല്കുമായിരുന്നു. അദ്ദേഹത്തിന്റെ ദുആ മജിസ്ട്രേട്ട് ശരിക്കും ഭയപ്പെട്ടിരുന്നു. തങ്ങളുടെ പവിത്രമായ ജീവിതത്തിന്റേയും ദുആകളുടേയും സ്വാധീനം അന്യരിലും ഇവർ ഇട്ടിരുന്നു. ഇക്കാര്യമാണ് ഇന്നും നമ്മൾ മുന്നിൽ വെക്കേണ്ടത്. അല്ലാഹുവുമായിട്ടുള്ള ബന്ധം വർധിക്കേണ്ടതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ ഉദ്ധരിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറഞ്ഞ മറ്റു ചില കാര്യങ്ങളും വിവരിക്കുകയാണ്. അത് നമ്മുടെ ആത്മീയാഭിവൃദ്ധിക്കും ശിക്ഷണത്തിനും അത്യന്താപേക്ഷിതമാണ്. ലോകത്ത് വിവിധ പ്രകൃതക്കാരും ബോധേന്ദ്രിയങ്ങൾ വഹിക്കുന്നവരുമായ മനുഷ്യരുണ്ട്. ചിലർക്ക് ബോധേന്ദ്രീയശക്തി കൂടുതലായിരിക്കും. ചിലരുടേത് കുറവായിരിക്കും. എന്തായാലും ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ഈ ബോധേന്ദ്രീയശക്തിയിലുള്ള വ്യത്യാസത്തെ കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ ഉദ്ധരിച്ച് ഭൗതികമായ ഒരു ഉദാഹരണം നല്കുന്നു. അവിടന്ന് പറയുന്നു:"ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയാറുണ്ടായിരുന്നു. ഏതോ ഒരു നഗരത്തിൽ കുറച്ചു നഗരവാസികൾ പരസ്പരം സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു: 'എള്ള് വളരെ ചൂടുള്ളതാണ്. കാക്കിലോ എള്ള് ഒരാൾക്ക് തിന്നാൻ പറ്റുകയില്ല. കാക്കിലോ എള്ള് തിന്നുകയും രോഗിയാകാതിരിക്കുകയും ചെയ്യുന്ന പ്രശ്നമേയില്ല.' ആ സംസാരത്തിന്നിടയിൽ ഇത്രയും എള്ള് തിന്നുന്നവന് താൻ അഞ്ചു രൂപ സമ്മാനം നല്കുമെന്ന് ഒരാൾ പറഞ്ഞു. ഒരു കർഷകൻ അതുവഴി പോകുകയായിരുന്നു. അയാൾ മുന്നോട്ടുവന്ന് ചോദിച്ചു:'അല്ല. എള്ള് തണ്ടോടുകൂടി തിന്നണോ? അതോ തണ്ടു കൂടാതെ തിന്നണോ?'. ഇവർ രണ്ടുകൂട്ടരുടേയും ബോധേന്ദ്രിയത്തിൽ എത്ര വ്യത്യാസമാണുള്ളത്. ഒരുകൂട്ടർ കാക്കിലോ എള്ളു തിന്നുന്നത് അസംഭാവ്യമായി കരുതുന്നു. ഒരു കക്ഷി തണ്ടുകളോടെ തിന്നാൻ തയ്യാറാകുന്നു.

അതുകൊണ്ട് ലോകത്ത് എത്രമാത്രം വ്യത്യാസമുണ്ടോ അത് ബോധേന്ദ്രിയങ്ങളിലുള്ള വ്യത്യാസമാണ്. ഈ നിയമംതന്നെയാണ് ആത്മീയലോകത്തും നടന്നു വരുന്നത്. ചിലരിൽ നമസ്കാരത്തിന്റെ കൂടുതൽ സ്വാധീനമുണ്ടാകുന്നു. ചിലരിൽ കുറച്ചാണുണ്ടാകുന്നത്. ബാഹ്യമായി നമസ്കരിക്കുന്ന ചിലരുണ്ട്. അവർ നമസ്കരിക്കുന്നു, എഴുന്നേറ്റുപോകുന്നു. അവരിൽ നമസ്കാരം ഒരു സ്വാധീനവും ചെലുത്തുന്നില്ല. ആത്മീമായ ബോധേന്ദ്രിയത്തിന്റെ തെളിവിനായി ഇതേ സാക്ഷ്യങ്ങളാണ് സ്വീകരിക്കപ്പെടുക. ആരിലാണോ ഈ ബോധം കൂടുതലുണ്ടാകുന്നത്, ആർക്കാണോ സ്വാധീനം കൂടുതലുണ്ടാകുന്നത് അവരിൽ ഇബാദത്തിന്റെ സ്വാധീനവും പ്രകടമായിക്കൊണ്ടിരിക്കുന്നു.

അതുകൊണ്ട് ജമാഅത്തിൽ അത്തരക്കാരുടെ എണ്ണം കൂടുതലുണ്ടാവേണ്ടതാണ്. അവരുടെ ബോധേന്ദ്രിയം ആത്മീയമായ സ്വാധീനങ്ങൾ കൂടുതൽ കൂടുതൽ സ്വീകരിക്കപ്പെടുന്നതും യഥാർഥ നമസ്കാരമെന്താണ്? യഥാർഥ ഇബാദത്ത് എന്താണ്? എത്തരത്തിലുള്ള ബോധേന്ദ്രിയം ഉണ്ടാക്കേണ്ട ആവശ്യമാണുള്ളത്? തുടങ്ങിയ കാര്യങ്ങൾ ലോകത്തോടു പറയുന്നതുമായിരിക്കണം. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ), ഹദ്റത്ത് ഖലീഫത്തുൽമസീഹ് അവ്വൽ(റ)വിവരിക്കാറുണ്ടായിരുന്ന ഒരു സംഭവം പറയുന്നു. :'അറബിഗ്രാമറിന്റെ പ്രശസ്തനായ ഒരു മതപണ്ഡിതൻ മൗലവി ഖാൻ മലിക് സാഹിബുണ്ടായിരുന്നു. അദ്ദേഹം എവിടെനിന്നോ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാദത്തെ സംബന്ധിച്ച് കേട്ട് ഖാദിയാനിൽ വന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സംസാരം കട്ട് ബയ്അത്തു ചെയ്തു. മടങ്ങിപ്പോകുന്ന വഴിക്ക് അദ്ദേഹം ലാഹോറിലെത്തിയപ്പോൾ മൗലവി ഗുലാം അഹ്മദിനെ കണ്ടിട്ട് പോകാമെന്ന് തീരുമാനിച്ചു. മൗലവി ഗുലാം അഹ്മദ് ശാഹി മസ്ജിദിൽ ദർസു കൊടുത്തിരുന്നു. അദ്ദേഹം മൗലവി ഖാൻ മലിക് സാഹിബിന്റെ ശിഷ്യനായിരുന്നു. മൗലവി ഗുലാം അഹ്മദ് സാഹിബ്, മൗലവി ഖാൻ മലിക് സാഹിബിനോടു എവിടെന്നാണ് വരുന്നതെന്ന് ചോദിച്ചു. ഖാദിയാനിൽനിന്നാണെന്ന് അദ്ദേഹം പറഞ്ഞു. അദ്ദേഹം അത്ഭുതപ്പെട്ടുകൊണ്ട് ചോദിച്ചു: ഖാദിയാനിൽനിന്നോ? അദ്ദേഹം പറഞ്ഞു, 'അതേ! ഖാദിയാനിൽനിന്ന്.' അദ്ദേഹം ചോദിച്ചു:'എന്താ കാര്യം?' അദ്ദേഹം പറഞ്ഞു, 'മിർസാ സാഹിബിന്റെ മുരീദാകാൻ പോയതാണ്.' മൗലവി ഗുലാം അഹ്മദ് സാഹിബ് ചോദിച്ചു:'താങ്കൾ എത്ര വലിയ മതപണ്ഡിതനാണ്. താങ്കൾ അദ്ദേഹത്തിൽ എന്തു സവിശേഷത കണ്ടിട്ടാണ് അദ്ദേഹത്തിന്റെ മുരീദാകാൻ പോയത്?' മൗലവി ഖാൻ മലിക് സാഹിബ് പഞ്ചാബി ഭാഷയിൽ അദ്ദേഹത്തോടു പറഞ്ഞു:'തൂ അപ്നാ കം കർത്തീനോംത്തെ ഖാല യഖൂലു വി ചങ്കി തരഹ് നഹീ ആൻദാ' താങ്കൾ താങ്കളുടെ ജോലി ചെയ്യുക. നിനക്ക് ഇതുവരെ ഖാല യഖൂലു പോലും നല്ലവണ്ണം അറിയുകയില്ല. ഇങ്ങനെ അവിടെ പോകുകയും ബയ്അത്ത് ചെയ്യുകയും ചെയ്ത സൽപ്രകൃതക്കാരായ ആളുകളുമുണ്ടായിരുന്നു. അവർക്ക് തങ്ങളുടെ അറിവിൽ ഒരു പിടിവാശിയുമുണ്ടായിരുന്നില്ല.

ഇപ്രകാരംതന്നെ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ഒരു സംഭവം വിവരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലത്ത് ഒരു അറബി വന്നു. അദ്ദേഹത്തെ തബ്‌ലീഗ് ചെയ്യാൻ ചിലയാളുകളെ ഏർപാടാക്കുകയും ചെയ്തു. ഒരുപാട് ദിവസം അദ്ദേഹവുമായി സംസാരം നടന്നുകൊണ്ടിരുന്നു. എന്നാൽ, ഒരു ഫലവുമുണ്ടായില്ല. അവസാനം തബ്‌ലീഗ് ചെയ്തുകൊണ്ടിരുന്നവർ ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു പറഞ്ഞു:'ഇദ്ദേഹം വലിയ ആവേശഭരിതനാണ്. ഭിക്ഷാടനത്തിന് വരുന്നവരെ പോലെയല്ല. അദ്ദേഹത്തിന് സത്യം അറിയണമെന്ന് തോന്നുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ദുആ ചെയ്തു. അദ്ദേഹത്തിന് ഹിദായത്തിനുള്ള ഭാഗ്യം കിട്ടുമെന്ന് പറയപ്പെടുകയും ചെയ്തു. അല്ലാഹുവിന്റെ ഖുദ്റത്ത് എന്നു പറയട്ടെ, അന്നുരാത്രിതന്നെ അദ്ദേഹത്തിന് എന്തോ അനുഭവും ഉണ്ടാകുകയും പിറ്റേന്ന് സുബ്ഹിക്ക് അദ്ദേഹംബയ്അത്ത് ചെയ്യുകയും നാട്ടിലേക്ക് മടങ്ങിപ്പോകുകയും ചെയ്തു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: ഹജ്ജിന്റെ വേളയിൽ പല സംഘങ്ങൾക്കും അദ്ദേഹം തബ്‌ലീഗ് ചെയ്തിരുന്നതായി എന്നോടു പറഞ്ഞു. ഒരു സംഘക്കാർ മർദിച്ച് മർദിച്ച് അദ്ദേഹത്തെ ബോധരഹിതനാക്കിയിരുന്നു. ബോധം തെളിഞ്ഞപ്പോൾ അദ്ദേഹം മറ്റൊരു സംഘത്തെ തബ്‌ലീഗ് ചെയ്യാൻ പോയി. അല്ലാഹു മനസ്സ് തുറക്കുമ്പോഴാണ് അത് തുറക്കുന്നത്. പിന്നീട് മാതൃകാപരമായ ആവേശത്തള്ളിച്ച അവരിലുണ്ടാകുകയും ഒന്നിനേയും വകവെക്കാതിരിക്കുകയും ചെയ്യുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)കുട്ടികളുമായി എങ്ങനെയാണ് ബന്ധം വെച്ചിരുന്നത്, എങ്ങനെയാണ് അവരുടെ ശിക്ഷണകാര്യം ശ്രദ്ധിച്ചിരുന്നത് എന്നതിനെക്കുറിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു:'ശരിയായ ശിക്ഷണ രീതി എന്നു പറയുന്നത് അവരെ കളിതമാശകളിലൂടെ പഠിപ്പിക്കുക എന്നതാണ്. അതായത് കളിതമാശകളിലൂടെ ശിക്ഷണം ഉണ്ടാവണം. കുട്ടികൾ ചെറുതായിരിക്കുമ്പോൾ കഥകളിലൂടെ അവരുടെ ശിക്ഷണം നിർബന്ധമാണ്. വലിയ ആളുകൾക്ക് ഉപദേശങ്ങൾ മതിയായതാണ്. പക്ഷേ, കുട്ടിക്കാലത്ത് താൽപര്യം നിലനിറുത്തുന്നതിന് കഥകൾ അനിവാര്യമാണ്. വ്യാജകഥകൾ ആയിക്കൊള്ളണമെന്ന നിർബന്ധമൊന്നുമില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ)ഞങ്ങളെ കഥകൾ കേൾപ്പിക്കാറുണ്ടായിരുന്നു. ചിലപ്പോൾ ഹദ്റത്ത് യൂസുഫിന്റെ കഥകൾ കേൾപ്പിക്കുമായിരുന്നു. ചിലപ്പോൾ ഹദ്റത്ത് നൂഹിന്റെ കഥകൾ കേൾപ്പിക്കുമായിരുന്നു. ചിലപ്പോൾ ഹദ്റത്ത് മൂസായുടെ സംഭവങ്ങൾ കേൾപ്പിക്കുമായിരുന്നു. എന്നാൽ, അത് സത്യമായ സംഭവങ്ങളായിരുന്നുവെങ്കിലും ഞങ്ങൾക്കത് കഥകൾതന്നെയായിരുന്നു. കുട്ടിക്കാലത്ത് ശിക്ഷണത്തിനുള്ള ഉത്തമമാർഗം കഥകളാണ്. ചില കഥകൾ നിർഥങ്ങളും അനാവശ്യങ്ങളുമായിട്ടുണ്ട് എന്നത് ശരിതന്നെ. എന്നാൽ, ഗുണപ്രദങ്ങളായ സ്വഭാവങ്ങൾ പഠിപ്പിക്കുന്നതും പാഠമുൾക്കുന്നതുമായ കഥകളുമുണ്ട്. കുട്ടിയുടെ പ്രായം വളരെ ചെറുതായിരിക്കുമ്പോൾ ഈ രീതിയിലാണ് അവർക്ക് പാഠങ്ങൾ നല്കപ്പെടുന്നത്. പിന്നീട് അവർ അല്പം വളർന്നു കഴിഞ്ഞാൽ അവർക്ക് തഅ്‌ലീം തർബിയത്തിനുള്ള നല്ല മാർഗം കളികളാണ്. ഇവൻ ഒരുപാട് കളിക്കുന്നുവെന്ന് പറഞ്ഞ് ചില രക്ഷിതാക്കൾ വരാറുണ്ട്. ടി.വി.ഗൈമുകൾ കളിക്കുന്നില്ലെങ്കിലും വെളിയിൽപോയി കളിക്കുന്നു. കുട്ടികളെ കളിക്കാൻ വിടേണ്ടതാണ്. ഗ്രന്ഥങ്ങളിൽനിന്ന് എന്താണോ പഠിപ്പിക്കുന്നത് കളികളിലൂടെ കർമപരമായ നിലയിൽ അതേ പാഠംതന്നെയാണ് നല്കപ്പെടുന്നത്. എന്നാൽ, കഥകളുടെ കാലഘട്ടം കളിയുടെ താഴെയുള്ള കാലഘട്ടമാണ്. അതുകൊണ്ട് പിതാക്കന്മാരും കുട്ടികൾക്ക് സമയം നല്കേണ്ടതാണ്. മാതാപിതാക്കൾ ഇരുവരും ചേർന്ന് കുട്ടികളുടെ ശിക്ഷണകാര്യത്തിൽ സമ്മർദം ചെലുത്തുകയാണെങ്കിൽ, സൗഹൃദബന്ധം വെക്കുകയാണെങ്കിൽ അവർക്ക് ശരിയായ ശിക്ഷണം നല്കുകയാണെങ്കിൽ അവരെ തങ്ങളോടൊപ്പം ഒരുമിച്ച് വെക്കുകയാണെങ്കിൽ തീർച്ചയായും മാതാപിതാക്കൾ പരാതിപ്പെടുന്ന ഒരുപാട് ശിക്ഷണ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നതാണ്.

കുട്ടികൾ ബഹളമുണ്ടാക്കാതെ ഒരിടത്ത് അടങ്ങിയിരിക്കുന്നതിനുവേണ്ടി ഇക്കാലത്ത് മാതാപിതാക്കൾ അവരുടെ കൈയിൽ ഐപാട് കൊടുക്കുന്നു. അല്ലെങ്കിൽ കമ്പ്യൂട്ടറിന്റെ മുന്നിൽ ഇരുത്തുന്നു. അല്ലെങ്കിൽ ടി.വി യുടെ മുന്നിൽ ഇരുത്തുന്നു. അവിടെ നല്ല കഥകൾ വല്ലതുമാണെങ്കിൽ ശരി. ഇല്ലെങ്കിൽ വെറുതെ സമയം പാഴാക്കലായിരിക്കും. ചെറിയ കുഞ്ഞുങ്ങളെ അല്ലെങ്കിൽത്തന്നെ അങ്ങനെ ഇരുത്താൻ പാടുള്ളതല്ല. കാരണം ഒന്ന് കണ്ണിനെ അത് ബാധിക്കുന്നു. ദീർഘകാലം കുത്തിയിരിക്കുകയാണെങ്കിൽ രണ്ടു വയസ്സിനു താഴെയുള്ള കുട്ടികൾക്ക് അല്ലെങ്കിലും ചിന്തകളിൽ വ്യത്യാസമുണ്ടാകുമെന്ന് ഡോക്ടർമാർ പറയുന്നു. പിന്നീട് അവർ ഒരു ഭാഗത്തേക്ക് ഒതുങ്ങാൻ തുടങ്ങുന്നു. ചിലപ്പോൾ ചീത്തസ്വഭാവങ്ങളുണ്ടാകുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)

തങ്ങൾക്ക് കഥകൾ കേൾപ്പിക്കാറുണ്ടായിരുന്നുവെന്ന് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു. കഥകൾ കേൾപ്പിക്കുന്നതുകൊണ്ട് പ്രയോജനമുണ്ടാകുന്നത് അവരും അതിൽനിന്ന് കരസ്ഥമാക്കുമ്പോഴാണ്. ആ സമയത്ത് ആ മഹാത്മാവ് കഥകൾ കേൾപ്പിക്കുന്നില്ലെങ്കിൽ ഞങ്ങൾ ബഹളം വെക്കുകയും അദ്ദേഹത്തിന് ജോലിചെയ്യാൻ പറ്റാതെയും വരും. അതുകൊണ്ട് കഥകൾ കേൾപ്പിച്ച് ഞങ്ങളെ അടക്കി ഇരുത്തേണ്ടത് നിർബന്ധമായിരുന്നു. ഇക്കാരണമായിരുന്നു രാത്രിനേരത്ത് ഞങ്ങളുടെ താൽപര്യങ്ങളെ നിലനിറുത്തുന്നതിനുവേണ്ടി അവിടന്ന് എപ്പോൾ ഫ്രീയായാലും കഥകൾ കേൾപ്പിക്കാറുണ്ടായിരുന്നത്; ഞങ്ങൾ ഉറങ്ങുന്നതിനും ആ മഹാത്മാവിന് സ്വസ്ഥമായി ജോലി ചെയ്യുന്നതിനും. ഇപ്പോൾ ഞാൻ പറഞ്ഞതുപോലെ ചില വസ്തുക്കൾ വന്നിരിക്കുന്നു. ഇക്കാരണത്താൽ തർബിയ്യത്തിനുവേണ്ടി മാതാപിതാക്കൾ അധ്വാനിക്കുന്നില്ല. രണ്ടാമത്തേത് കുട്ടികളുമായുള്ള അവരുടെ ബന്ധം കുറഞ്ഞുപോയിരിക്കുന്നു. ഇതിലേക്ക് ശ്രദ്ധിക്കേണ്ടതാണ്.

നാശത്തിനു ഹേതുവാകാത്ത സുഹൃത്ബന്ധങ്ങളാണ് വേണ്ടതെന്ന് വിവരിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഒരു സംഭവം പറയുന്നു:'ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയാറുണ്ടായിരുന്നു:'ഇതൊരു പഴയ ഉപദേശ കഥയാണ്. ഒരാൾക്ക് കരടിയുമായി സുഹൃത്ബന്ധമുണ്ടായിരുന്നു. അയാൾ അതിനെ വളർത്തിയിരുന്നു. അല്ലെങ്കിൽ ഏതോ നാശം വന്ന നേരത്ത് അയാൾ അതിന് ഉപകാരം ചെയ്തിരുന്നു.അതുകൊണ്ട് അയാളോടൊപ്പം അത് വന്ന് ഇരിക്കാറുണ്ടായിരുന്നു. ഇതൊരു ഉപദേശ കഥയാണ്. സംഭവിച്ചതുപോലെയാണ് ഇത് വിവരിച്ചിട്ടുള്ളത്. മനുഷ്യൻ കരടി മുതലായ മൃഗങ്ങളെ വളർത്തി തന്നോടൊപ്പം ഇണക്കിയെടുക്കാറുണ്ട്. എന്നാൽ, ഞാൻ ഹദ്റത്ത് മസീഹ് മൗഊദ് (അ)ൽനിന്ന് ഏതെങ്കിലും ഉപദേശ കഥ വിവരിക്കുമ്പോൾ അതിന്റെ അർഥം യാഥാർഥ്യം വിവരിക്കുക എന്ന ഉദ്ദേശ്യത്തോടെ ഒരു കഥ പറയുന്നു എന്നതാണ്. അതായത് ഒരു ഉപദേശം ചെയ്യുന്നു എന്നുദ്ദേശ്യത്തോടെയുള്ള ഒരു കഥ.

എന്തായാലും കരടി ആ മനുഷ്യന്റെ സുഹൃത്തായിരുന്നു. അയാളുടെ അടുക്കൽ വരാറുണ്ടായിരുന്നു. ഒരു ദിവസം അയാളുടെ മാതാവ് സുഖമില്ലാതെ കിടക്കുകയായിരുന്നു. അയാൾ അടുത്തിരുന്ന് വീശിക്കൊടുക്കുകയായിരുന്നു. ഈച്ചകൾ ചുറ്റും പറന്നുകൊണ്ടിരുന്നു. യാദൃച്ഛികമായി അയാൾക്ക് പെട്ടെന്ന് പുറത്തുപോകേണ്ടി വന്നു. നീ അല്പം നോക്കുകയെന്ന് അയാൾ കരടിയ്ക്ക് സൂചന നല്കി. നീ ഈച്ചകളെ ആട്ടുക. ഞാനിപ്പോൾ പുറത്തുപോയി വരാം! കരടി ആത്മാർഥതയോടുകൂടി തന്റെ ജോലി ചെയ്യാൻ തുടങ്ങി. എന്നാൽ, മനുഷ്യന്റെ കൈയും മൃഗങ്ങളുടെ കൈയും തമ്മിൽ വ്യത്യാസമുണ്ട്. മനുഷ്യൻ കൈ സുഗമമായി ചലിപ്പിക്കുന്നതുപോലെ മൃഗങ്ങൾക്ക് ചലിപ്പിക്കാൻ കഴിയുകയില്ല. അത് ഈച്ചയെ ആട്ടി. എന്നാൽ, അത് വീണ്ടും വന്നിരുന്നു. വീണ്ടും ആട്ടി. വീണ്ടും വന്നിരുന്നു. ഈച്ച ഇങ്ങനെ തുടർച്ചയായി വന്നിരിക്കുന്നത് തന്റെ സുഹൃത്തിന്റെ അമ്മയക്ക് ബുദ്ധുമുട്ടുണ്ടാക്കുന്നുവെന്ന് അത് ധരിച്ചു. അതിനുള്ള ചികിത്സ എന്ന നിലയിൽ ഈച്ചയെ കൊല്ലാൻവേണ്ടി കരടി വലിയൊരു കല്ല് പൊക്കി അതിന്റെ മേൽ ഇട്ടു. ഈച്ച എന്തായാലും ചത്തു. അതിനോടൊപ്പം അയാളുടെ അമ്മയും ചതഞ്ഞു. ഇത് ഒരു ഉദാഹരണമാണ്. ഇതുകൊണ്ടുള്ള ഉദ്ദേശ്യം അജ്ഞരായ ചിലർ ആരെങ്കിലുമായി കൂട്ടുകൂടും. എന്നാൽ, സൗഹൃദം പുലർത്തേണ്ട രീതി അവർക്കറിയുകയില്ല. ചിലപ്പോൾ നല്ലതായിരിക്കും ചെയ്യുന്നത്, ഫലമോ നാശമായിരിക്കും.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു:'എനിക്കോർമയുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ)കേൾപ്പിക്കാറുണ്ടായിരുന്നു. ഏതോ ഒരു കരടിയുണ്ടായിരുന്നു. അതിന് ഒരാളുമായി സുഹൃത്ബന്ധമുണ്ടായിരുന്നു. അയാളുടെ ഭാര്യ, നീയും ഒരു മനുഷ്യനാണോ? ആരെങ്കിലും കരടിയുമായി കൂട്ടുകൂടുമോ എന്നൊക്കെ പറഞ്ഞ് എപ്പോഴും അയാളെ പരിഹസിക്കുമായിരുന്നു. ഒരു ദിവസം അയാളുടെ ഹൃദയത്തെ വേദനിപ്പിക്കുന്ന സംസാരം അതിരു കടന്നു. ഉച്ചത്തിലുള്ള ആ സംസാരം കരടിയും കേട്ടു. കരടി അപ്പോൾ ഒരു വാളെടുത്തു. ഇതുകൊണ്ട് തന്റെ തലയിൽവെട്ടാൻ തന്റെ സുഹൃത്തിനോടു പറഞ്ഞു. ഈ സംസാരത്തെ സംബന്ധിച്ച് അത്ഭുതപ്പെടുകയൊന്നുംവേണ്ട, ഇതൊരു കഥയാണ്. ചിലയാളുകൾ കരടിയെപ്പോലുള്ളവരുണ്ട്. ചിലർ മനുഷ്യരെപ്പോലുള്ളവരും. എല്ലാ ഓരോരുത്തർക്കും ഒരു പ്രകൃതിയുണ്ട്. മനുഷ്യരിലും ധാരാളം കരടികളുണ്ട്. മനുഷ്യരെന്ന് പറയുന്ന ധാരാളംപേർ മൃഗങ്ങളായി നടക്കുന്നവരാണ്. അയാൾ വെട്ടുകയില്ലെന്ന് ഒരുപാട് വട്ടം പറഞ്ഞു, പക്ഷേ കരടി നിർബന്ധം പിടിച്ചു. അവസാനം അയാൾ വാളെടുത്ത് കരടിയുടെ തലയിൽവെട്ടി. അത് ചോരയിൽ മുങ്ങി. കാട്ടിലേക്ക് പോയി. ഒരു വർഷത്തിനുശേഷം തന്റെ സുഹൃത്തിന്റെ അടുക്കൽ വന്നു. പറഞ്ഞു: നോക്ക്! എവിടെയെങ്കിലും നീ വെട്ടിയ മുറിവിന്റെ പാടുണ്ടോ? അയാൾ പറഞ്ഞു, ഇല്ല. ഒരിടത്തുമില്ല. അപ്പോൾ കരടി പറഞ്ഞു:'ചിലകാടുകളിൽ പച്ച മരുന്നുകളുണ്ട്. ഞാൻ ചികിത്സിച്ചു. എന്റെ മുറിവ് ഉണങ്ങി. പക്ഷേ, നിന്റെ ഭാര്യ എനിക്കെതിരിൽ പറഞ്ഞ വാക്കുകൾ കൊണ്ടു എന്റെ മനസ്സിലുണ്ടായ മുറിവ് ഇന്നുവരെ ഉണങ്ങിയിട്ടില്ല. ചില ഘട്ടങ്ങളിൽ വാളുകൊണ്ടുള്ള മുറിവിനെക്കാൾ നാവുകൊണ്ടുള്ള മുറിവുകൾ വളരെ ശക്തമായിരിക്കും. ഈ വാളുകൊണ്ടുള്ള മുറിവ് ഒരിക്കലും മറക്കാനും സാധിക്കുകയില്ല.

അതിനാൽ സമൂഹത്തിന്റെ ശാന്തിക്കും സമാധാനത്തിനും വേണ്ടി ഇക്കാര്യം എല്ലാവരും ശ്രദ്ധിക്കേണ്ടതാണ്. പരസ്പരമുള്ള വികാരങ്ങളും ശ്രദ്ധിക്കേണ്ടതാണ്. അനാവശ്യമായി ഒരിക്കലും ഉണങ്ങാത്ത മുറിവേൽപിക്കുന്ന വാക്കുകളുടെ അമ്പുകൾ തൊടുത്തുവിടാതിരിക്കുക. എല്ലാ അഹ്മദികളും എപ്പോഴും ഓർമവെക്കേണ്ടതായ പാഠമാണിത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചതിനുശേഷം തന്റെ ഈമാനെ കാത്തുസൂക്ഷിക്കേണ്ട ബാധ്യത ഓരോ അഹ്മദിക്കുമുണ്ട്. ചിലപ്പോൾ അതിനിസാരമായ കാര്യങ്ങളായിരിക്കും ഈമാനെ നഷ്ടപ്പെടുത്തുന്നത്. അല്ലാഹുവിന്റെ ഇച്ഛയ്ക്ക് വിരുദ്ധമായ കാര്യങ്ങൾ പറയുമ്പോഴും ഈമാൻ നഷ്ടപ്പെടാറുണ്ട്. അതുകൊണ്ട് നമ്മൾ എപ്പോഴും ആത്മപരിശോധന നടത്തിക്കൊണ്ടിരിക്കേണ്ടതാണ്.

ദൈവസ്മരണയിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ ഉദ്ധരിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു:'ഹദ്റത്ത് മസീഹ് മൗഊദ്(അ) ഏതോ ഒരു പുണ്യാത്മാവിന്റെ ഈ ചൊല്ല് കേൾപ്പിക്കാറുണ്ടായിരുന്നു.' ദസ്തെ ദർക്കാർ വ ദിൽ ബായാർ'-അതായത് മനുഷ്യന്റെ കൈ വേല ചെയ്തുകൊണ്ടിരിക്കണം. പക്ഷേ, അവന്റെ മനസ്സ് അല്ലാഹുവിലേക്ക് ശ്രദ്ധിച്ചുകൊണ്ടിരിക്കണം.

ഇപ്രകാരംതന്നെ ഒരു പുണ്യാത്മാവിനെക്കുറിച്ച് പ്രശസ്തമാണ്. അദ്ദേഹത്തോടു ആരോ ചോദിച്ചു: 'എത്രതവണയാണ് ഞാൻ അല്ലാഹുവിനെ സ്മരിക്കേണ്ടത്.' അദ്ദേഹം പറഞ്ഞു, പ്രേമഭാജനത്തിന്റെ പേരെടുത്ത് സ്മരിക്കുന്നത് എണ്ണിയെണ്ണിയാണോ. എണ്ണിക്കണക്കാക്കാൻ പറ്റാത്തതിനാണ് യഥർഥ സ്മരണ എന്ന്

പറയുന്നത്. എന്നാൽ, ഒരു കൃത്യസമയം നിശ്ചയിക്കുന്നതുകൊണ്ടുള്ള ഗുണം മനുഷ്യൻ ആ നേരത്ത് തന്റെ പ്രേമഭാജനത്തിനുവേണ്ടി മറ്റുജോലികളിൽനിന്നെല്ലാം തികച്ചും വേർപെടുന്നുവെന്നതാണ്. കാരണം ഈ രണ്ടു അവസ്ഥകളും അനിവാര്യമാണ്. അതുകൊണ്ട് ശരിയായിട്ടുള്ള മാർഗം നിശ്ചിതരീതിയിലും ദൈവസ്മരണ ചെയ്യുക എന്നതാണ്. ഇക്കാലത്ത് ഭൗതികതയിൽ വീണു കിടക്കുന്ന ആളുകൾ ഇക്കാര്യം മനസ്സിലാക്കുന്നില്ല. അതുകൊണ്ട് അവർ എന്തായാലും ഇതിനായി സമയം മാറ്റിവെക്കേണ്ടതാണ്. നിശ്ചിതമല്ലാത്തനിലയിലും നിന്നും ഇരുന്നും അല്ലാഹുവിനെ സ്മരിക്കുക. അവന്റെ അനുഗ്രഹങ്ങളും ഔദാര്യങ്ങളും ആവർത്തിച്ചാവർത്തിച്ച് സ്മരിക്കുക. ദീനിന്റെ കാര്യങ്ങൾ ശ്രദ്ധയോടെ കേൾക്കുകയും അത് ഓർമവെക്കുന്നതിന് ശ്രമിക്കുകയും പിന്നീട് അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുക എന്നത് ഒരു അഹ്മദിയുടെ കാഴ്ചപ്പാടായിരിക്കണം. ഖുത്ബകൾ കേൾക്കുക, പ്രസംഗങ്ങൾ കേൾക്കുക, യോഗങ്ങളിൽ പങ്കെടുക്കുക, താൽക്കാലികമായി ഏതെങ്കിലും പുസ്തകം വായിക്കുക, താൽക്കാലികമായി അത് ആസ്വദിക്കുക, ഇവയൊന്നും ഓർമവെക്കാതിരിക്കുകയും അതനുസരിച്ച് പ്രവർത്തിക്കാതിരിക്കുകയുമാണെങ്കിൽ അത് മനുഷ്യന് ഒരു പ്രയോജനവും ചെയ്യുകയില്ല.

ഇനിയുള്ളത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങളാണ്. അത് വായിക്കുക. അതിൽനിന്ന് ഫലമെടുക്കുക എന്നതും ജമാഅത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട കടമകളിൽപ്പെട്ടതാണ്. എന്നാൽ, ആസ്വദിക്കാൻവേണ്ടിമാത്രം അങ്ങനെ ചെയ്യരുത്. മറിച്ച് ഫലമെടുക്കുകയും പ്രവർത്തിക്കുകയും ചെയ്യണം എന്ന ഉദ്ദേശ്യത്തോടെ നിങ്ങൾ അക്കാര്യങ്ങളിലേക്ക് ശ്രദ്ധിക്കുക. നിങ്ങൾ ആസ്വദിക്കുന്നതിനുവേണ്ടിമാത്രം മുഴുവൻ ഖുർആൻ പഠിച്ചാലും നിങ്ങൾക്ക് ഒരു ഫലവുമുണ്ടാകുകയില്ല. എന്നാൽ, നിങ്ങൾ അല്ലാഹുവിന്റെ വിശേഷഗുണങ്ങളിൽ ചിന്തിച്ചുകൊണ്ട് അതിനോടുള്ള സ്നേഹാവേശത്താൽ ഒരു പ്രാവശ്യമാണ് സുബ്ഹാനല്ലാഹ് ചൊല്ലിക്കൊണ്ട് വായിക്കുന്നതെങ്കിൽ അത് നിങ്ങളെ എവിടെനിന്ന് എവിടെയോ എത്തിക്കുന്നതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ഒരിക്കൽ മജ്ലിസിൽ വിവരിച്ചു: 'ചിലപ്പോൾ നമ്മൾ തസ്ബീഹ് ചെയ്യാറുണ്ട്. അപ്പോൾ ഒരു തസ്ബീഹ് കൊണ്ടുതന്നെ നാം എവിടെനിന്ന് എവിടെയോ എത്തിച്ചുചേരുന്നു.' ഞാൻ ആ മജ്ലിസിൽ ഉണ്ടായിരുന്നില്ല. ഒരു യുവാവ് അത് കേട്ടപ്പോൾ അവിടെ നിന്നെഴുന്നേറ്റ് എന്റെ അടുത്തുവന്നു പറഞ്ഞു:'അറിഞ്ഞില്ലേ !ഇന്ന് ഹദ്റത്ത് സാഹിബ് ഇതെന്താണ് പറഞ്ഞത്?.' ആ സാഹിബ് അനുഭവസ്ഥനല്ലായിരുന്നു. എന്നാൽ, ഞാൻ ആ പ്രായത്തിലും അനുഭവസ്ഥനായിരുന്നു. അയാൾ മുഴുവൻ പകലും സുബ്ഹാനല്ലാഹ്, സുബ്ഹാനല്ലാഹ് എന്നു പറഞ്ഞിട്ടും ഒന്നും കിട്ടിയിരുന്നില്ല. എന്നാൽ, വ്യക്തിപരമായ അനുഭവംകൊണ്ട് എനിക്കതറിയാമായിരുന്നു. പലപ്രാവശ്യവും അതുണ്ടായിട്ടുണ്ട്. ഞാൻ സുബ്ഹാനല്ലാഹ് എന്നു പറയുമ്പോൾ മുമ്പേ ഞാൻ വേറെ ആളായിരുന്നു, ഇപ്പോൾ ഞാൻ വേറൊരു ആളായിരിക്കുന്നുവെന്ന് അനുഭവപ്പെട്ടിരുന്നു. നബി(സ)തിരുമേനിയും ഈ വിഷയം എത്ര മനോഹരമായിട്ടാണ് വിവരിച്ചിട്ടുള്ളതെന്ന് നോക്കുക. വാസ്തവത്തിൽ ഞാൻ ആ സമയത്ത് ബുഖാരി മുഴുവനും വായിച്ചിരുന്നില്ല. പക്ഷേ, എന്റെ അനുഭവം ശരിയായിരുന്നു. നബി(സ)തിരുമേനി പറയുന്നു: **കലിമത്താനീ ഹബീബത്താനീ ഇലർറഹ്മാനീ ഖഫീഫത്താനീ അലല്ലിസാനീ** റഹ്മാനായ അല്ലാഹുവിന് വളരെ പ്രിയങ്കരമായ രണ്ടു വചനങ്ങളുണ്ട്. ഖഫീഫത്താനീ അലല്ലിസാനീ നാവുകൊണ്ട് ഉച്ചരിക്കാൻ പ്രയാസം കുറഞ്ഞതാണത്. മനുഷ്യന് അത് എളുപ്പത്തിൽ പറയാൻ കഴിയും. ഭാരമൊന്നും തോന്നുകയില്ല. **ഥഖീലത്താനീ ഫിൽമീസാനീ** ഖിയാമത്തുന്നാളിൽ കർമങ്ങൾ തൂക്കേണ്ടുന്ന പ്രശ്നം വരുമ്പോൾ അത് ഘനം കൂടിയതായിരിക്കും. അതുവെക്കുന്ന തട്ട് അതിനെ തികച്ചും താഴ്ത്തുന്നതാണ്. അതെന്താണ്. **സുബ്ഹാനല്ലാഹി വബി ഹംദിഹീ സുബ്ഹാനല്ലാഹിൽ അളീം.** (അല്ലാഹുവിന്റെ പരിശുദ്ധതയേയും അവന്റെ മഹത്വത്തേയും ഞാൻ പ്രകീർത്തനം ചെയ്തുകൊള്ളുന്നു. മഹാനായ അല്ലാഹു പരിശുദ്ധനത്രെ)പറയുന്നു:'എനിക്ക് ഈ വാക്യങ്ങൾ ചൊല്ലുന്ന നല്ല ശീലമുണ്ട്. ചിലപ്പോൾ ഒറ്റപ്രാവശ്യം ഇത് ചൊല്ലുമ്പോൾത്തന്നെ എന്റെ ആത്മാവ് പറന്ന് എവിടെനിന്ന് എവിടെയോ എത്തുന്നു.

യഥാർഥ കാര്യം ഇതാണ്. നമ്മൾ ശ്രദ്ധയോടുകൂടി അല്ലാഹുവിന്റെ കല്പനകളിൽ ചിന്തിക്കുക. അതനുസരിച്ച് പ്രവർത്തിക്കാൻ ശ്രമിക്കുക. ഇതാണ് യാഥാർഥ്യം. അതായത് ചിലപ്പോൾ തസ്ബീഹും തഹ്മീദും ഹൃദയത്തിൽനിന്ന് പുറപ്പെടുന്നു. അപ്പോൾ അതിന്റെ ശക്തി കാണിച്ചുകൊണ്ടിരിക്കുന്നതായി അനുഭവപ്പെടുന്നു. അല്ലാഹു നമുക്കെല്ലാവർക്കും അതിന് തൗഫീഖ് നല്കുമാറാകട്ടെ. അത് നമ്മുടെ ഉള്ളിൽ കർമപരമായ ശക്തി ഉണ്ടാക്കട്ടെ. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നവരാക്കട്ടെ. നമ്മുടെ ആത്മാവിനെ ഉന്നതിയിൽ എത്തിക്കുകയും നമുക്ക് അല്ലാഹുവിന്റെ സമീപ്യം കരസ്ഥമാകുകയും ചെയ്യുംവിധം ഈ തസ്ബീഹും തഹ്മീദും ചെയ്യുന്നവരാകാൻ അനുഗ്രഹിക്കട്ടെ.

Friday Sermon delivered by **Hadrath Khaleefathul Masih Al-khamis** (atba)
at Baithul Futuh,London – on 29.01.16
Malayalam Translation : **Moulvi Mohammed Ismail Alleppey**, For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath,Sadr Anjuman Ahmadiyya - Qadian, 143516

If Undelivered Please Return To
Ahmadiyya Muslim Jama'at
Baithul Quddoos, G.H.Road
Calicut - 673001,Kerala